ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിലെ വിജിലൻസ് അന്വേഷണം

79 [2300] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി കൊപ്ര വാങ്ങിയതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിനോ സഹകരണസംഘം രജിസ്ട്രാർക്കോ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) സഹകരണ വകുപ്പിനെ കൂടാതെ പോലീസ്, വിജിലൻസ് ഡിപ്പാർട്ട്മെന്റ് എന്നിവ എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ആരക്കുന്നം റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കൊപ്രാ സംഭരണത്തിലെ അഴിമതിയും സാമ്പത്തിക അഴിമതിയും ധൂർത്തും സംബന്ധിച്ച് 65-ാം വകുപ്പുപ്രകാരം അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് "ശ്രീ. ജോയി, കുമിളിൽ, പാംപ്ര, വെട്ടിക്കൽ, മുളന്തുരുത്തി" എന്നയാൾ നൽകിയ പരാതി ലഭിക്കുകയും ആയത് അന്വേഷണത്തിനായി എറണാകുളം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർക്ക് സഹകരണസംഘം രജിസ്ട്രാർ അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ കണയന്നൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സഹകരണ വകുപ്പിനെക്കൂടാതെ പോലീസ് വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly